കർമ്മല കുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 120 വർഷങ്ങൾ

# ഫ്രാൻസീസ് മാർപാപ്പയുടെ സീറോ-മലബാർ വിശ്വാസികൾക്കുള്ള 2024 മെയ് 13-ാം തീയതിയിലെ സന്ദേശം: ഒരു അവലോകനം

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

മാന്നാനം, കോട്ടയം, കേരളം - 686 561

**ആമുഖം**

സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി മാർ റാഫേൽ തട്ടിൽ പിതാവ് തിരഞ്ഞെടുക്കപ്പെടുകയും അധികാരമേറ്റെടുക്കുകയും അതുവഴി മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിയായി പ്രസ്തുത സഭയുടെ പിതാവും തലവനുമായിത്തീരുകയും ചെയ്തശേഷം അദ്ദേഹം റോമിലെത്തി പത്രോസിന്റെ പിൻഗാമിയായ ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിക്കുകയും തന്റെ അനുസരണവും വിധേയത്വവും പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട പല കാര്യങ്ങളും പല കാരണങ്ങളാൽ ശ്രദ്ധിക്കപ്പെട്ടു. അതിൽ ആദ്യത്തേത്, മാർ റാഫേൽ തട്ടിൽ പിതാവിനെ വിമാനത്താവളത്തിൽവച്ച് സ്വീകരിക്കുവാനായി പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ക്ലാവുദിയോ ഗുജറോത്തി തന്നെ എത്തിയിരുന്നു എന്നുള്ളതാണ്. കത്തോലിക്കാ സഭയുടെ രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ വീണ്ടെടുത്ത സഭാവിജ്ഞാനീയ (ecclesiology) മനുസരിച്ച് മാർപാപ്പ കഴിഞ്ഞാൽ, കർദ്ദിനാൾമാർക്ക് മുകളിലാണ് സ്വയംഭരണാവകാശമുള്ള പൗരസ്ത്യ കത്തോലിക്കാ സഭകളിലെ പാത്രിയാർക്കീസുമാരും മേജർ ആർച്ച് ബിഷപ്പുമാരുമെന്നുള്ള തത്വം വ്യക്തമായി പ്രായോഗികമാക്കപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. അതുപോലെതന്നെ, റോമൻ കൂരിയ, പ്രാദേശിക സഭകളെ ഭരിക്കുന്നതിലുപരി, മാർപാപ്പയുടെ നാമത്തിൽ സഹായിക്കുവാനുള്ള സംവിധാനങ്ങളാ ണെന്നുള്ള ഫ്രാൻസീസ് മാർപാപ്പയുടെ തനതായ വീക്ഷണത്തിന്റെ ആവിഷ്കാരംകൂടിയായി ആ സംഭവത്തെ നമുക്ക് മനസ്സിലാക്കാനാവും. ഇതുതന്നെയായിരിക്കണം, പൗരസ്ത്യകാര്യാലയത്തിലെ കൂടിക്കാഴ്ചകൾക്കും ചർച്ചകൾക്കുമവസാനം മാർ റാഫേൽ തട്ടിൽ പിതാവിനെ നടുക്കിരുത്തി കർദ്ദിനാൾ പരോളിനും കർദ്ദിനാൾ ഗുജറോത്തിയും രണ്ടുവശങ്ങളിലുമായി ഇരുന്നുകൊണ്ടുള്ള ഗ്രൂപ്പ് ഫോട്ടോ എടുക്കൽ വഴിയും വത്തിക്കാൻ സൂചിപ്പിക്കുവാനാഗ്രഹിച്ചത്.

എന്നാൽ, വിമാനത്താവളത്തിലെ സ്വീകരണംവഴിയും ഗ്രൂപ്പ് ഫോട്ടോവഴിയും പറഞ്ഞതിലും പതിന്മടങ്ങ് പ്രാധാന്യമേറിയതായിരുന്നു ഫ്രാൻസീസ് മാർപാപ്പ തട്ടിൽ പിതാവിനെയും പെർമനെന്റ് സിനഡംഗങ്ങളെയും റോമിലെ സീറോ-മലബാർ വിശ്വാസികളെയും അഭിസംബോധന ചെയ്തുകൊണ്ട് നൽകിയ സന്ദേശം. 2024 മെയ് 13-ാം തീയതിയിലെ ആ സന്ദേശം വത്തിക്കാന്റെ വെബ്പേജിൽ ഇംഗ്ലീഷിലും ഇറ്റാലിയൻ ഭാഷയിലും നൽകപ്പെട്ടിട്ടുണ്ട്. അദ്ദേഹം നൽകിയ സന്ദേശം ഇറ്റാലിയൻ ഭാഷയിലുള്ളതാണ്. ഈ സന്ദേശത്തിന്റെ വിശകലനമാണ് ഈ ലേഖനത്തിൽ.

**1. സീറോ-മലബാർ സഭയുടെ മാർത്തോമ്മാ ശ്ലൈഹീക പൈതൃകം**

സീറോ-മലബാർ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല അറിയപ്പെടുന്നതെന്നും, ലോകം മുഴുവനും ഈ സഭാംഗങ്ങളുടെ വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണത പ്രസിദ്ധമാണ് എന്ന് പറഞ്ഞുകൊണ്ടാണ് മാർപാപ്പ തന്റെ സന്ദേശം ആരംഭിക്കുന്നതുതന്നെ. "നിങ്ങളുടെ വിശ്വാസത്തിന് പ്രാചീനമായ ഒരുത്ഭവമാണുള്ളത്" എന്ന് പറഞ്ഞുതുടങ്ങുന്ന ഫ്രാൻസീസ് മാർപാപ്പ, അത് രൂഢമൂലമായി രിക്കുന്നത് ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിലെത്തിയ സാക്ഷ്യത്തിലാണ് എന്ന് പറഞ്ഞുവയ്ക്കുമ്പോൾ സീറോ-മലബാർ വിശ്വാസികൾ മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക മിശിഹാനുഭവത്തിൽ ഭാഗഭാക്കായവരും അതിന്റെ പിൻതലമുറക്കാരും അവകാശികളും ഒന്നാം നൂറ്റാണ്ടുമുതൽ തുടരുന്ന ഒരു സഭാസമൂഹത്തിന്റെ തുടർച്ചയുമാണെന്നുള്ള ചരിത്രസത്യം ഫ്രാൻസീസ് മാർപാപ്പ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. തുടർന്ന് അദ്ദേഹം സീറോ-മലബാർ സഭാംഗങ്ങളെ ഓർമ്മിപ്പിക്കുന്നത് ഇങ്ങനെയാണ്: "അദ്ദേഹത്തിന്റെ ശ്ലൈഹിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ് നിങ്ങൾ." ഈ വാക്കുകളിലൂടെ സീറോ- മലബാർ സഭയുടെ യഥാർത്ഥ ഔന്നത്യവും ദൗത്യവും സഭാതനയരെ ഓർമ്മിപ്പിക്കുകയാണ് പത്രോസിന്റെ പിൻഗാമിയായ ആ വലിയ ഇടയൻ. സീറോ-മലബാർ സഭാംഗങ്ങൾ വലിയൊരു പൈതൃകത്തിനവകാശികളാണ്. അവർ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനം മൂലം രൂപം കൊണ്ട ഒരു അപ്പസ്തോലിക സഭയിലെ അംഗങ്ങളാണ്. അവരുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും പ്രേക്ഷിത ചൈതന്യവും പൈതൃകമായി കിട്ടിയവരാണ്; ആ പൈതൃകം കൈമോശംവരാതെ കാത്തുസൂക്ഷിക്കേണ്ടവരാണ് എന്നൊക്കെയാണ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത്.

മാർപാപ്പയുടെ ഈ ഓർമ്മപ്പെടുത്തൽ ഒട്ടും യാദൃശ്ചികമാകാനിടയില്ല. മാർത്തോമ്മാശ്ലീഹായുടെ കേരളത്തിലെ പ്രേഷിത പ്രവർത്തനത്തെയും മൈലാപ്പൂരിലെ രക്തസാക്ഷിത്വത്തെയുംപറ്റിയുള്ള ചരിത്ര രേഖകളും ഇടമുറിയാത്ത പാരമ്പര്യവും ഒന്നാം നൂറ്റാണ്ടുമുതൽ ഇന്നുവരെ തുടരുന്ന ഒരു മാർത്തോമ്മാ നസ്രാണി സമൂഹവും മൈലാപ്പൂരിലെ കബറിടവും അനേകം ചരിത്രകാരന്മാരുടെ സാക്ഷ്യവും ഉണ്ടായിരുന്നിട്ടും അത് ചരിത്രമോ കെട്ടുകഥയോ എന്ന് സംശയം ഉന്നയിച്ച സീറോ-മലബാർ സഭയിലെ ഒരു വിമത പ്രമുഖനുള്ള ഫ്രാൻസീസ് മാർപാപ്പയുടെ വ്യക്തമായ മറുപടിയും ഏറ്റവും ആധികാരികമായ തീർപ്പുകൽപ്പിക്കലും തന്നെയായി വേണം മാർപാപ്പയുടെ ഈ വാക്കുകളെ കത്തോലിക്കാസഭതന്നെ മനസ്സിലാക്കേണ്ടത്.

**2. സീറോ-മലബാർ സഭയുടെ വിശ്വാസത്തെ പ്രതിയുള്ള സഹനങ്ങൾ**

തുടർന്ന് മാർപാപ്പ സഭാതനയരെ ഓർമ്മിപ്പിക്കുന്നത് സീറോ-മലബാർ സഭയുടെ ചരിത്രയാത്രയിൽ നേരിടേണ്ടി വന്നിട്ടുള്ള വെല്ലുവിളികളെപ്പറ്റിയാണ്. ആ ചരിത്രയാത്രയെ ദീർഘവും ദുർഘടവുമെന്ന് വിശേഷിപ്പിക്കുന്ന മാർപാപ്പ, അതിനോടുചേർത്ത് വിശദീകരിക്കുന്നത് ഈ വെല്ലുവിളികളിൽ ചിലത് വിശ്വാസസമൂഹത്തിലെ അംഗങ്ങൾതന്നെ വരുത്തിവച്ചതാണെന്നും അവരുടെ അജ്ഞതമൂലവും വളർന്ന് പുഷ്പാലംകൃതയായ ഈ സഭയുടെ പ്രത്യേകതകളെ മനസ്സിലാക്കുവാനുള്ള അവരുടെ പരാജയവുമാണ് അതിന്റെ കാരണമെന്നുമാണ്. ഇവിടെ പരിശുദ്ധ മാർപാപ്പ സൂചിപ്പിക്കുന്നത് 1599-ലെ ഉദയംപേരൂർ സൂനഹദോസിലൂടെയുള്ള പാശ്ചാത്യ അധിനിവേശവും നിയമവിരുദ്ധമായ ലത്തീനീകരണവും തത്ഫലമായുണ്ടായ പിളർപ്പുകളും ശിഥിലീകരണവും തന്നെ. പാശ്ചാത്യ മിഷനറിമാരുടെ ദുർനടപടികളുടെ പശ്ചാത്തലത്തിലും റോമ്മാ മാർപാപ്പയോടുള്ള സ്നേഹവും വിധേയത്വവുംമൂലം എല്ലാം സഹിച്ച് കത്തോലിക്കാസഭയിൽനിന്ന് ഒരിക്കലും വിട്ടുപോകാതിരുന്ന സീറോ-മലബാർ സഭയെ ശ്ലാഘിക്കുകയാണ് മാർപാപ്പ. പ്രതിസന്ധികളിലും പീഡനങ്ങളിലും പത്രോസിന്റെ പിൻഗാമിയോട് എന്നാളും ചേർന്നുനിന്ന സീറോ-മലബാർ സഭയെപ്പറ്റി മാർപാപ്പ പറയുന്നത് ഇങ്ങനെയാണ്: "എങ്കിലും നിങ്ങൾ പത്രോസിന്റെ പിൻഗാമിയോട് വിശ്വസ്തരായി നിലനിന്നു" (Yet, you have remained faithful to the successor of Peter). ഇവിടെ മാർപാപ്പ വ്യക്തമായി ഖണ്ഡിക്കുന്നത് ഉദയംപേരൂർ സൂനഹദോസിലൂടെയാണ് അകത്തോലിക്കരായിരുന്ന, അഥവാ നെസ്തോറിയൻ സഭാംഗങ്ങളായിരുന്ന, മാർത്തോമ്മാ നസ്രാണികളെ കത്തോലിക്കാസഭയിൽ ചേർത്തതെന്ന വാദമാണ്. ആ വാദത്തിന്റെ പൊള്ളത്തരം മനസ്സിലാക്കുന്നതിന് വെറും ഒരു ചോദ്യം ചോദിച്ചാൽ മാത്രം മതിയാകും. അതായത്, ഗോവ മെത്രാപ്പോലീത്ത, മാർത്തോമ്മാ നസ്രാണികളോട് സൂനഹദോസിൽ പങ്കെടുക്കുവാൻ കൽപ്പിച്ചത്, അനുസരിക്കാത്തവരെ മഹറോൻ ശിക്ഷകൊണ്ട് ശിക്ഷിക്കുമെന്നുള്ള ഭീഷണിയുടെ പുറത്താണ്. ഒരു കത്തോലിക്കാമെത്രാന് എന്നാണ് അകത്തോലിക്കരായ വൈദികർക്കും അൽമായർക്കുമെതിരായി മഹറോൻ ശിക്ഷയുടെ ഭീഷണി മുഴക്കി അവരെ ഒരു കത്തോലിക്കാ സൂനഹദോസിൽ പങ്കെടുക്കുവാൻ കൽപ്പിക്കുവാനാവുക? അവർ കത്തോലിക്കരാണെന്നുള്ള ഉത്തമബോധ്യം ഗോവ ആർച്ച് ബിഷപ്പിനും അതുപോലെതന്നെ, തങ്ങൾ കത്തോലിക്കരായതിനാൽ മാർപാപ്പയുടെ പ്രതിനിധിയായ ഗോവ ആർച്ച് ബിഷപ്പിനെ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്ന അവബോധമാണ് മാർത്തോമ്മാ നസ്രാണികളെ ആ സൂനഹദോസിൽ പങ്കെടുക്കുവാനും നിർബന്ധിതമാക്കിയതെന്നും ഇതിൽനിന്നുതന്നെ വ്യക്തം.

ഒരിക്കലും കത്തോലിക്കാസഭയുമായിട്ടുള്ള കൂട്ടായ്മയിൽനിന്ന് അകന്നുപോകാത്തതിനാൽ, തനിക്ക് സീറോ-മലബാർ സഭാംഗങ്ങളെ സ്വാഗതം ചെയ്യുന്നതിനും "നിങ്ങൾ സ്വീകരിച്ചതും മുന്നോട്ടുകൊണ്ടു പോകുന്നതുമായ നിങ്ങളുടെ മഹത്വമുള്ള പാരമ്പര്യത്തിൽ (glorious legacy) നിങ്ങളെ ഉറപ്പിക്കുന്നതിനും സന്തോഷമുണ്ട്" എന്നാണ് ഫ്രാൻസീസ് മാർപാപ്പ തുടർന്ന് വ്യക്തമാക്കുന്നത്.

**3. അനുസരണമുള്ളിടത്തെ സഭയുള്ളൂ; അനുസരണമില്ലെങ്കിൽ ശീശ്മ**

സീറോ-മലബാർ സഭയുടെ അനുസരണത്തെപ്പറ്റിയാണ് മാർപാപ്പ തുടർന്ന് പറയുന്നത്. അതിങ്ങനെയാണ്: "നിങ്ങൾ അനുസരണമുള്ളവരാണ്. അനുസരണമുള്ളിടത്തെ സഭയുള്ളൂ. എവിടെ അനുസരണക്കേടുണ്ടോ, അവിടെ ശീശ്മയുണ്ട്. നിങ്ങൾ അനുസരണമുള്ളവരാണ്. ഇതാണ് നിങ്ങളുടെ മഹത്വപൂർണ്ണമായ വിശേഷണം: അനുസരണം. ഇത് സഹനമില്ലാത്തതല്ല എന്നെനിക്കറിയാം; പക്ഷേ, നിങ്ങൾ മുന്നേറാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു" (You are obedient, and where obedience is present, there is the Church. Where there is disobedience, there is schism. You are obedient; this is one of your glorious attributes: obedience. I know this is not without suffering, but continue to press forward.)

സീറോ-മലബാർ സഭയുടെ അനുസരണത്തിന്റെ ചരിത്രം ഓർമ്മിപ്പിക്കുന്നതോടൊപ്പം തന്നെ, മാർപാപ്പയെ അനുസരിക്കാത്തവർ സഭയ്ക്കകത്തല്ല, പ്രത്യുത ശീശ്മയിലാണ്, സഭയ്ക്ക് പുറത്താണ് എന്ന് അർത്ഥശങ്കക്കിടമില്ലാത്തരീതിയിൽ വ്യക്തമാക്കുകയാണ് മാർപാപ്പായിവിടെ.

**4. പൗരസ്ത്യ പാരമ്പര്യങ്ങൾ കത്തോലിക്കാസഭയുടെ വിലയേറിയ നിധികൾ**

അനുസരണത്തെപ്പറ്റി ഓർമ്മിപ്പിച്ചശേഷം തുടർന്ന് മാർപാപ്പ സീറോ-മലബാർ സഭയുടെ ചരിത്രത്തെപ്പറ്റി പരാമർശിക്കുന്നതോടൊപ്പംതന്നെ അതൊരു പൗരസ്ത്യസഭയാണെന്ന് സൂചിപ്പിക്കുകയും പൗരസ്ത്യ പാരമ്പര്യങ്ങൾ സഭയുടെ അമൂല്യ സമ്പത്താണെന്നുകൂടി അനുസ്മരിക്കുന്നതിങ്ങനെയാണ്: "നിങ്ങളുടെ ചരിത്രം അതുല്യവും അമൂല്യവുമാണ്. അതുപോലെ, അത് ദൈവത്തിന്റെ മുഴുവൻ വിശുദ്ധ ജനത്തിനുമായുള്ള വിശിഷ്ടമായ പൈതൃകവുമാണ്. പൗരസ്ത്യ പാരമ്പര്യങ്ങൾ സഭയിലെ ഒഴിച്ചുകൂടാനാവാത്ത നിധികളാണെന്ന് നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമ്മെ ചരിത്രവുമായി ബന്ധിപ്പിക്കുന്ന വേരുകളെ വേർപെടുത്തുകയും എല്ലാറ്റിനെയും അവയുടെ പ്രയോജനത്തിന്റെയും അടുപ്പത്തിന്റെയും പേരിൽ വിലയിരുത്തുന്ന നമ്മുടെ ഈ കാലഘട്ടത്തിൽ,

ഇക്കാര്യം ഓർക്കുന്നത് പ്രത്യേകിച്ചും പ്രാധാന്യം അർഹിക്കുന്നതാണ്. ദൗർഭാഗ്യവശാൽ, മതപരമായ മനോഭാവങ്ങളിലും ഇത് ബാധിക്കാം. ഈ പശ്ചാത്തലത്തിൽ, പൗരസ്ത്യ സഭകൾ തങ്ങളുടെ പുരാതനവും എപ്പോഴും നവീനവുമായ ആധ്യാത്മിക ഉറവിടങ്ങളിൽനിന്ന് കോരിയെടുക്കുവാൻ അനുവദിക്കുന്നു (The Christian Orient allows us to draw from ancient and ever new sources of spirituality). അവ സഭയിലേക്ക് ചൈതന്യം പകരുന്ന പുതു ഉറവകൾ ആയിത്തീരുന്നു" (these become fresh springs that bring vitality to the Church).

**5. സ്വന്തം സഭയോടുള്ള ബന്ധം പരിപോഷിപ്പിക്കുക**

തുടർന്ന് മാർപാപ്പ സീറോ-മലബാർ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നത് സ്വയംഭരണാവകാശമുള്ള സഭയെ (Church sui iuris) സ്വന്തമെന്ന് കരുതി ആ ബന്ധം പരിപോഷിപ്പിക്കുവാനും അതുവഴി ആ സഭയുടെ ആരാധനക്രമ, ദൈവശാസ്ത്ര, ആധ്യാത്മിക, സാംസ്കാരിക പൈതൃകം കൂടുതൽ തെളിമയോടെ പ്രശോഭിക്കുവാൻ ഇടവരുത്തുവാനുമാണ്. മാർപാപ്പ കൂട്ടിച്ചേർക്കുന്നു: "ഞാൻ നിങ്ങളുടെ സഭാതലവനോട് പശ്ചിമേഷ്യ (ഗൾഫ്) യിലെ കുടിയേറ്റക്കാരായ സഭാംഗങ്ങളുടെമേലുള്ള ഭരണാധികാരത്തിനായി അപേക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**6. ഗൾഫ് രാജ്യങ്ങളിലെ ഭരണാധികാരം**

സീറോ-മലബാർ സഭയുടെ 2024-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് സീറോ-മലബാർ സഭയിലെ വിശ്വാസികളുടെ അംഗസംഖ്യ 50,89,812 ആണ്. അവരിൽ 43,96,472 പേർ സീറോ-മലബാർ സഭയിലെ 35 രൂപതകളിലാണ് ജീവിക്കുന്നത്. ബാക്കിയുള്ള ഏഴ് ലക്ഷം വിശ്വാസികളിൽ 5,70,035 പേർ ജീവിക്കുന്നത് പശ്ചിമേഷ്യയെന്നും ഗൾഫ് രാജ്യങ്ങളെന്നും Middle East എന്ന് പാശ്ചാത്യരും വിളിക്കുന്ന നാടുകളിലാണ്. സീറോ-മലബാർ സഭാതനയരായ അഞ്ചുലക്ഷത്തിൽപ്പരം ആൾക്കാർ ഗൾഫ് മേഖലയിൽ ഉണ്ടായിരുന്നിട്ടും അവർക്കുള്ള അജപാലന ശുശ്രൂഷ നൽകുന്നതിനുള്ള അധികാരം ഇതുവരെ സീറോ- മലബാർ സഭയ്ക്കുണ്ടായിരുന്നില്ല. ദീർഘകാലമായുള്ള സീറോ-മലബാർ സഭയുടെ ആവശ്യമായിരുന്നു ഈ അജപാലനാധികാരം. ഫ്രാൻസീസ് മാർപാപ്പയുടെ സന്ദേശത്തിൽ വ്യക്തമാക്കുന്നത് ഇനിയും അതിനായുള്ള ഔദ്യോഗികമായ അപേക്ഷ രേഖാമൂലം സമർപ്പിക്കേണ്ടത്, നൈയാമികമായി ആവശ്യമുണ്ടെങ്കിലും വാക്കാലെ, അപ്പോൾ മുതൽ, ആ അധികാരാവകാശങ്ങൾ സീറോ-മലബാർ സഭയ്ക്ക് മാർപാപ്പ നൽകിയിരിക്കുന്നു എന്നതാണ്. അജപാലനാധികാരം 2024 മെയ് പതിമൂന്നാം തീയതി തന്നെ കിട്ടിയിരിക്കുന്നതായി കണ്ട് അത് ഉപയോഗിക്കാമെന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനം തീർച്ചയായും സീറോ-മലബാർ സഭയ്ക്ക് ആഹ്ലാദം നൽകുന്നതാണ്; ഒരു സ്വപ്നസാക്ഷാത്കാരവുമാണ്. എന്നാൽ, ഇതൊരു അവകാശവും അധികാരവുമെന്നതിലുപരി, ഒരു സേവനദൗത്യമായാണ് സഭാ ധികാരികളും സഭാസമൂഹങ്ങളും കാണേണ്ടത്. കത്തോലിക്കാസഭ, പല സ്വയംഭരണാധികാരസഭകളുടെ കൂട്ടായ്മയാണ്. എല്ലാ സഭകളും അധികാരത്തിലും ഔന്നത്യത്തിലും തുല്യവുമാണ്. ഓരോ സഭയും തനത് സഭയുടെ ആരാധനക്രമത്തോടും, ദൈവശാസ്ത്രത്തോടും, ആധ്യാത്മികതയോടും, കാനൻ നിയമത്തോടും വിശ്വസ്തത പാലിച്ചുകൊണ്ടായിരിക്കണം തങ്ങളുടെ സഭാതനയരുടെയിടയിൽ അജപാലനശുശ്രൂഷ നിർവഹിക്കേണ്ടത്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഗൾഫ് രാജ്യങ്ങളിലുള്ള സീറോ- മലബാർ വിശ്വാസികളുടെ ഇടയിലേക്ക് അജപാലകരായി അയക്കപ്പെടുന്നവർക്ക് തങ്ങളുടെ ദൗത്യത്തിന്റെ പ്രത്യേകതകളെപ്പറ്റി അവബോധമുണ്ടായിരിക്കണം. അല്ലാതെ ലത്തീൻസഭയെ അനുകരിച്ച്, സീറോ- മലബാർ പൈതൃകത്തെ അവഗണിച്ച്, സങ്കരശുശ്രൂഷ നിർവഹിച്ച് ധനസമാഹരണമാർഗമായി ഈ അനുവാദത്തെ ദുരുപയോഗിക്കുവാൻ ഇടയാകാതെ നോക്കുവാൻ സീറോ-മലബാർ സഭാനേതൃത്വത്തിന് കടമയുണ്ട്.

**7. ഞാൻ നിങ്ങളെ സഹായിക്കുവാനാണാഗ്രഹിക്കുന്നത്; മറികടക്കാനല്ല**

ഗൾഫ് നാടുകളിലെ അജപാലനാധികാരം നൽകിയശേഷം തുടർന്ന് മാർപാപ്പ പറയുന്നത് തന്റെ ദൗത്യത്തെയും പരിശ്രമങ്ങളെയും പറ്റിയാണ്. അദ്ദേഹത്തിന്റെ ശ്രമങ്ങളൊക്കെയും സീറോ-മലബാർ സഭയെ സഹായിക്കുവാൻ മാത്രമാണ്; അല്ലാതെ, സീറോ-മലബാർ സഭയുടെ സ്വയംഭരണാധികാരം കവർന്നെടുക്കുവാനോ 1599-ലെ ഉദയംപേരൂർ സൂനഹദോസിൽ സംഭവിച്ചതുപോലെ ഒരു രണ്ടാം പാശ്ചാത്യാധിനിവേശശ്രമമോ അല്ല എന്നതാണ്: "I wish to help you, not supercede you." സീറോ-മലബാർ സഭ, സഭയ്ക്കുള്ളിലെ പ്രശ്നപരിഹാരത്തിനുള്ള എല്ലാ അധികാരാവകാശങ്ങളുമുള്ള ഒരു സ്വയം ഭരണാധികാരസഭയാണെന്നും അതിനാൽ ആ സഭയിലെ പ്രശ്നങ്ങൾ തീർക്കുവാൻ മാർപാപ്പയുടെയോ പരിശുദ്ധ സിംഹാസനത്തിന്റെയോ സഹായം തേടേണ്ടകാര്യം പോലുമില്ലായെന്നും പൗരസ്ത്യ കാനോന സംഹിതയിൽ പ്രശ്നപരിഹാരത്തിനുള്ള എല്ലാ നൈയാമിക നടപടിക്രമങ്ങളും അടങ്ങിയിട്ടുണ്ടെന്നും പരിശുദ്ധ മാർപാപ്പ വ്യക്തമാക്കുകയാണിവിടെ.

കത്തോലിക്കാസഭ എന്നും അംഗീകരിച്ചിരിക്കുന്ന നിയമതത്വങ്ങളിലൊന്നാണ് the principle of subsidiarity. അതിന്റെ അർത്ഥം, താഴ്ന്ന തലത്തിലുള്ള ഒരധികാരിക്ക് ചെയ്യുവാൻ നിയമപരമായി അധികാരമുള്ള ഒരു കാര്യത്തിൽ ഉന്നതാധികാരി അനാവശ്യമായി ഇടപെടേണ്ടതില്ല എന്നതാണ്. നിയമപരമായി ഇടപെടാൻ

അവകാശവും അധികാരവും ഇല്ലെന്നല്ല; മറിച്ച് അങ്ങനെ ചെയ്യാതിരിക്കുന്നതാണ് ഉചിതം എന്നതാണ്. ഈ തത്വംകൂടി വ്യംഗ്യപ്പിക്കുകയാണ് മാർപാപ്പ ഇവിടെ.

അതുപോലെ തന്നെ, നിയമവ്യാഖ്യാന സംബന്ധിയായ തത്വങ്ങളിൽ (Hermeneutical Principles) പ്രധാനപ്പെട്ട ഒന്നാണ് Regulae Iuris എന്ന ബോനിഫാസ് എട്ടാമൻ മാർപാപ്പയുടെ നിയമതത്വങ്ങൾ. അതിലൊന്നാണ്, ആർക്ക് അധികാരമുണ്ടോ അയാൾക്ക് ഉത്തരവാദിത്വവുമുണ്ട് എന്നത്. അധികാരം പേറുന്നയാൾ തന്റെ കടമകൾ നിർവഹിച്ചില്ലെങ്കിൽ അയാളെ കുറ്റകരമായ അനാസ്ഥക്ക് ശിക്ഷിക്കുവാൻ വരെ കാനൻ നിയമത്തിൽ വ്യവസ്ഥയുണ്ട് (cf. CCEO c.1462 §2 ). അധികാര കസേരയോട് താൽപര്യം; എന്നാൽ, അധികാരത്തിന്റെ ഉത്തരവാദിത്തനിർവഹണം മാർപാപ്പയെ ഏൽപ്പിച്ചേക്കാമെന്നുള്ള ചില അധികാരികളുടെ വ്യാമോഹത്തിന് തടയിടുകയുംകൂടിയാണ് മാർപാപ്പ ഇവിടെ. നിങ്ങൾ നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന അധികാരശുശ്രൂഷയുടെ ഭാഗമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക; നിങ്ങളെ സഹായിക്കുവാൻ ഞാനും എന്റെ കൂരിയായും സദാ സന്നദ്ധരാണ് എന്ന സന്ദേശമാണ് മാർപാപ്പ ഇവിടെ നൽകിയിരിക്കുന്നത്. അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു: "ഒരു സ്വയംഭരണാധികാരസഭയെന്ന സ്വഭാവം, നിങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളെയും വെല്ലുവിളികളെയും ശ്രദ്ധാപൂർവം പരിശോധിക്കുന്നതിന് മാത്രമല്ല, പ്രത്യുത, അവയെ പരിഹരിക്കുവാനുതകുന്ന നടപടികൾ സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വവും സുവിശേഷധീരതയും, മേജർ ആർച്ച് ബിഷപ്പിന്റെയും സിനഡിന്റെയും മാർഗ്ഗനിർദ്ദേശങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് നിങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്. ഇതാണ് സഭ ആഗ്രഹിക്കുന്നത്; കാരണം, പത്രോസിനെക്കൂടാതെ, മേജർ ആർച്ച് ബിഷപ്പിനെക്കൂടാതെ സഭയില്ല."

ഞങ്ങൾ കത്തോലിക്കാസഭയിൽ തന്നെ തുടരും; എന്നാൽ ഞങ്ങൾ മേജർ ആർച്ച് ബിഷപ്പിനെയോ, സിനഡിനെയോ അനുസരിക്കുകയില്ല എന്നുപറയുന്ന വിമതർക്കുള്ള വ്യക്തമായ മറുപടിയാണ് ഫ്രാൻസീസ് മാർപാപ്പ ഇവിടെ നൽകിയിരിക്കുന്നത്. മാർപാപ്പയുടെ നേരിട്ടുള്ള കീഴിലുള്ള ഒരു മെട്രോപൊളിറ്റൻ സ്വതന്ത്ര സഭ എന്നത് ഒരു ഉട്ടോപ്യൻ ദിവാസ്വപ്നം മാത്രമാണെന്ന് പരിശുദ്ധ പിതാവ് വ്യക്തമാക്കുകയാണിവിടെ.

**8. ഈ സന്ദേശം മാർപാപ്പയുടെ മുൻ സന്ദേശങ്ങളുടെ തുടർച്ച**

ഫ്രാൻസീസ് മാർപാപ്പ തന്റെ സന്ദേശത്തിൽ വ്യക്തമാക്കുന്ന മറ്റൊരു വസ്തുത, തന്റെ ഈ സന്ദേശം, താൻ നേരത്തെ സീറോ-മലബാർ സഭക്ക് പൊതുവായും എറണാകുളം-അങ്കമാലി അതിരൂപതക്ക് പ്രത്യേകമായും നൽകിയ സന്ദേശങ്ങളുടെ തുടർച്ചയാണ് എന്നതാണ്. ഇവിടെ പരാമർശവിഷയമായ സന്ദേശങ്ങൾ 2021 ജൂലൈ 3-ാം തീയതി ഫ്രാൻസീസ് മാർപാപ്പ സീറോ-മലബാർ സഭക്ക് മുഴുവനായും അയച്ച, എല്ലാവരും പുതുതായി അംഗീകരിച്ച സീറോ-മലബാർ വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിൽ വരുത്തണമെന്നുള്ള കത്ത്, മാർപാപ്പ 2022 മാർച്ച് 25-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതക്ക് ആ വർഷം ഈസ്റ്ററോടുകൂടി എങ്കിലും പുതിയ കുർബാനയർപ്പണരീതി നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്ന കത്ത്, 2023 ഡിസംബർ 7-ാം തീയതിയിലെ മാർപാപ്പയുടെ എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങൾക്കായുള്ള വീഡിയോ സന്ദേശം എന്നിവയാണ്. 2023 ഡിസംബർ 7-ാം തീയതിയിലെ വീഡിയോ സന്ദേശത്തിൽ അദ്ദേഹം അസന്നിഗ്ദ്ധമായി വ്യക്തമാക്കിയ ഒരു കാര്യം മാർപാപ്പയെയും മേജർ ആർച്ച് ബിഷപ്പിനെയും സിനഡിനെയും അനുസരിക്കാത്തവർ കത്തോലിക്കാസഭയുടെ കൂട്ടായ്മയ്ക്ക് വെളിയിലാണെന്നും അവർ വെറും ഒരു സെക്ട് മാത്രമാണെന്നും അവർ കത്തോലിക്കരല്ലാതായിരിക്കുന്നുമെന്നുമാണ്. കഴിഞ്ഞകാലങ്ങളിലെ ഈ മൂന്നു സന്ദേശങ്ങളിലും നിർദ്ദേശങ്ങളിലും വ്യക്തമാക്കിയിരിക്കുന്ന ഒന്നും താൻ റദ്ദ് ചെയ്യുന്നില്ലെന്നും അത് താൻ ആവർത്തിച്ചുറപ്പിക്കുകയാണ് ചെയ്യുന്നതെന്നുമാണ് ഫ്രാൻസീസ് മാർപാപ്പ ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്.

ഇക്കാര്യത്തെപ്പറ്റി ഫ്രാൻസീസ് മാർപാപ്പയുടെ സന്ദേശം ഇപ്രകാരം വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു: "ഈ ലക്ഷ്യം മുൻനിർത്തി വിശ്വാസികൾക്ക് ഞാൻ അടുത്തകാലത്ത് കത്തുകളും ഒരു വീഡിയോ സന്ദേശവും, ഒരു വിശദാംശത്തിൽ മർക്കടമുഷ്ടിയോടെ മുറുകെപ്പിടിച്ചുകൊണ്ട് സഭയുടെ നന്മക്ക് ആഘാതമേൽപ്പിക്കുന്ന അപകടകരമായ പ്രലോഭനങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകിക്കൊണ്ട്, അയച്ചിരുന്നു. തന്നെത്തന്നെയല്ലാതെ മറ്റാരെയും ശ്രവിക്കാൻ കൂട്ടാക്കാത്ത താൻപ്രമാണിത്തത്തിൽനിന്നാണ് ഈ പ്രലോഭനം ഉടലെടുക്കുന്നത്. തന്നെത്തന്നെ ആധികാരികമായി കണക്കിലാക്കുന്ന ഈ സ്വഭാവത്തെ സ്പാനിഷ് ഭാഷയിൽ ഞങ്ങൾ വിളിക്കുന്നത് 'ഞാൻ, എന്റെ, എനിക്ക്, എന്നോടുകൂടെ, ഞാൻ വഴി' എന്നാണ്. ഇവിടെയാണ് പിശാച്, വിഭജിക്കുന്നവൻ, യഥാർത്ഥത്തിലുള്ളത്, നുഴഞ്ഞുകയറുകയും കർത്താവിന്റെ മരണത്തിന് മുമ്പ് പ്രകടിപ്പിച്ച ഏറ്റവും ഹൃദയംഗമമായ 'നാമെല്ലാവരും, അതായത്, അവിടുത്തെ ശിഷ്യരെല്ലാവരും, വിഭജനമില്ലാതെ, കൂട്ടായ്മയെ നശിപ്പിക്കാതെ ഒന്നായിരിക്കണമെന്നുള്ള ആഗ്രഹത്തെ, നശിപ്പിക്കുന്നത്. ഇക്കാരണത്താൽ, ഐക്യം സംരക്ഷിക്കേണ്ടത് വെറുമൊരു ഭക്തോപദേശമല്ല, പ്രത്യുത ഒരു ദൗത്യമാണ്; പ്രത്യേകിച്ചും അത് അനുസരണം വാഗ്ദാനം ചെയ്യുകയും അതുപോലെതന്നെ, സ്നേഹത്തിന്റെയും വിനയത്തിന്റെയും മാതൃകകളാകുവാൻ വിശ്വാസികൾ പ്രതീക്ഷിക്കുകയും ചെയ്യുന്ന വൈദികരുടെ കാര്യത്തിൽ."

ഇത്രയും പറഞ്ഞശേഷം ഫ്രാൻസീസ് മാർപാപ്പ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞതിങ്ങനെയാണ്: "അഭിവന്ദ്യ പിതാവേ (Your Beatitude), നമുക്ക് നിശ്ചയദാർഢ്യത്തോടുകൂടി അക്ഷീണം കൂട്ടായ്മയെ സംരക്ഷിക്കുവാൻ അധ്വാനിക്കാം; അങ്ങനെ ലൗകികതയാൽ പ്രലോഭിക്കപ്പെട്ട, അതുമൂലം വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതെ വിഭാഗീയതയിലേക്ക് വഴുതിവീണ, നമ്മുടെ സഹോദരീ സഹോദരന്മാർ അവർ അവരെ സ്നേഹിക്കുന്ന ഒരു വലിയ കുടുംബത്തിന്റെ ഭാഗമാണെന്നും അവരുടെ തിരിച്ചുവരവിനായി പ്രതീക്ഷിക്കുന്നുവെന്നും തിരിച്ചറിയുവാൻ, ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ, നമുക്ക് നമ്മുടെ വാതിലുകളും ഹൃദയങ്ങളും തുറന്നിടാം. അങ്ങനെ, അവർ മനസ്തപിച്ച് കഴിയുമ്പോൾ തിരിച്ചുകയറുവാൻ അവർ അധികം ബുദ്ധിമുട്ട് നേരിടാതിരിക്കുവാൻ (cf. *Evangelii Gaudium*, 46): നമ്മൾ അവരെ കാത്തിരിക്കുന്നു."

മുകളിലുദ്ധരിച്ച മാർപാപ്പയുടെ സന്ദേശം വളരെയധികം ശ്രദ്ധാർഹമാണ്. കാരണം, തന്നെ അനുസരിക്കാത്ത വിമതർ, ധൂർത്തപുത്രനെപ്പോലെ പന്നിക്കുഴിയിലാണ്, പിതൃഭവനത്തിന് പുറത്താണ്; അവർ കത്തോലിക്കാസഭയുടെ കൂട്ടായ്മയിലല്ല എന്ന് ഫ്രാൻസീസ് മാർപാപ്പ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. തുടർന്ന് മാർപാപ്പ കൂട്ടായ്മയ്ക്കായി ഒന്നിച്ചുള്ള ചർച്ചകൾക്കും പ്രാർത്ഥനകൾക്കുമുള്ള ആഹ്വാനമാണ് സഭാതനയർക്ക് നൽകുന്നത്. എന്നാൽ, ഈ ചർച്ച സഭയിൽനിന്ന് അനുസരണക്കേട് കാണിച്ച് ശീശ്മയിൽ നിപതിച്ച് സഭയ്ക്ക് പുറത്തുപോയവരോടുള്ള ചർച്ചയല്ല; പ്രത്യുത, മനസ്തപിച്ച് തിരിച്ചുവന്ന് സഭാസമൂഹത്തോട് ചേർന്ന് നിൽക്കുന്നവരോടുള്ള ചർച്ചയാണ് എന്നുമാത്രം. സിനഡ് എടുത്ത് മാർപാപ്പ അംഗീകരിച്ചെടുത്ത തീരുമാനങ്ങൾ മാറ്റുവാനുള്ള ചർച്ചയോ മനസ്തപിക്കാതെ ശീശ്മയിൽ നിൽക്കുന്നവരോടുള്ള ചർച്ചയോ അല്ല ഇവിടെ വിവക്ഷിക്കുന്നത്. മാർപാപ്പയുടെ പ്രതിനിധി മാർ സിറിൽ വാസിൽ പിതാവ് അവരുമായി ആവശ്യത്തിന് ചർച്ച ചെയ്തുകഴിഞ്ഞതാണ്. ജനാഭിമുഖ കുർബാന എന്ന അവരുടെ ആവശ്യവും ലിറ്റർജിക്കൽ വേരിയന്റ് എന്ന ആവശ്യവുമെല്ലാം പരിശുദ്ധ സിംഹാസനം രേഖാമൂലം തള്ളിക്കളഞ്ഞതുമാണ്.

**ഉപസംഹാരം**

സ്ഥലസമയപരിധി കഴിഞ്ഞതുകൊണ്ട് മാർപാപ്പയുടെ സന്ദേശത്തിന്റെ തുടർഭാഗത്തിന്റെ വിശകലനത്തിലേക്ക് കടക്കുവാൻ ഈ ലേഖകന് ഇപ്പോൾ സാധ്യമല്ല. എങ്കിലും, നടത്തിയ അവലോകനത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു: പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പയുടെ 2024 മെയ് 13-ാം തീയതിയിലെ സന്ദേശത്തിൽനിന്ന് വളരെ വ്യക്തമാണ് സീറോ-മലബാർ സഭയുടെ ചരിത്രവും മേന്മകളും കുറവുകളുമെല്ലാം അദ്ദേഹത്തിന് വളരെ വ്യക്തമാണെന്നത്. ഈ സഭയെപ്പറ്റി ആഴമായ അറിവും ബഹുമാനവും അദ്ദേഹത്തിനുണ്ട്. സീറോ- മലബാർ സഭയുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുതരുന്നതിന് അദ്ദേഹം എപ്പോഴും ഒരുക്കമാണ്. എന്നാൽ, അനുസരണയില്ലാത്തവരോട്, അവർ മനസ്തപിച്ച് തിരിച്ചുവരുന്നതുവരെ, യാതൊരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം സന്നദ്ധനുമല്ല. എന്നാൽ, തെറ്റ് ചെയ്തവരെ ശിക്ഷാനടപടികൾ ഉൾപ്പെടെയുള്ള നടപടികളിലൂടെ മാനസാന്തരത്തിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട മേലധികാരികളുടേതാകയാൽ, അവരിൽനിന്ന് ആ ദൗത്യം ഏറ്റെടുക്കുവാൻ ഇത്തരുണത്തിൽ പരിശുദ്ധ സിംഹാസനം ഉദ്ദേശിക്കുന്നില്ലതാനും.

ഭാരതത്തിലെ മാർത്തോമ്മാശ്ലീഹായുടെ പ്രേക്ഷിതപ്രവർത്തനവും രക്തസാക്ഷിത്വവും ചരിത്ര സംഭവങ്ങളായി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ആവർത്തിച്ച് പ്രഖ്യാപിക്കുന്ന ഈ സന്ദേശത്തിൽ മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഘോഷണം ഫലമായുണ്ടായ സീറോ-മലബാർ സഭ ഒരുകാലവും കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്ന് അകന്നു പോയിട്ടില്ല എന്നും വ്യക്തമാക്കുന്ന ഈ സന്ദേശം കൂടുതലായ അർത്ഥതലങ്ങളും സന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒന്നാകയാൽ കൂടുതൽ ആഴത്തിലുള്ള പഠനത്തിനും അപഗ്രഥനത്തിനും വിധേയമാകുമെന്ന് പ്രത്യാശിക്കുന്നു.